LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ

95 [96] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ 2001-2002, 2002-2003 വർഷങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്;

(സി) ചാർജ്ജ് ചെയ്ത എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ട് എന്നും എത്ര കേസുകൾ വെറുതെവിട്ടു എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2001-2002 .. 419

2002-2003 .. 416

(ബി) 2001-2002-ൽ .. 364

2002-2003-ൽ .. 307

(സി) ശിക്ഷിക്കപ്പെട്ട കേസ്സുകൾ

2001-2002-ൽ .. 56

2002-2003-ൽ .. 105

വെറുതെവിട്ട കേസ്സുകൾ

2001-2002-ൽ .. 69

2002-2003-ൽ .. 46

എലത്തൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകൾ

96 [97] എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പോലീസ് സ്റ്റേഷനിൽ 2001-2002, 2002-2003 വർഷത്തിൽ ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവയിൽ എത്ര എണ്ണം ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) ചാർജ്ജ്ചെയ്തവയിൽ എത്ര എണ്ണത്തിന് ശിക്ഷ വിധിച്ചിട്ടുണ്ടെന്നും എത്ര എണ്ണം വെറുതെ വിട്ടുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ)

	രജിസ്റ്റർ ചെയ്ത കേസുകൾ	ചാർജ്ജ് ചെയ്ത കേസുകൾ
2001	229	147
2002	292	165
2003	278	96

(ബി)

	ശിക്ഷിക്കപ്പെട്ട കേസുകൾ	വെറുതെവിട്ട കേസുകൾ
2001	8	2
2002	18	7
2003	36	2

അദ്ധ്യാപകനായ എസ്. എം. ഫസിലുദ്ദീനെ മർദ്ദിച്ച സംഭവം

97 [98] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട നെല്ലിമൂട് ന്യൂ ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകനായ എസ്. എം. ഫസിലുദ്ദീന് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽവച്ച് മർദ്ദനം ഏൽക്കേണ്ടി വന്നത് സംബന്ധിച്ച പരാതിയിൻമേൽ അന്വേഷണം നടത്തിയോ;

(ബി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) റിപ്പോർട്ടിൻ മേൽ എന്തു നടപടി സ്വീകരിച്ചു; വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly